# ഭീകരതയും ദയൂബന്തും

**ദാറുൽ** ഉലൂം ദയൂബന്തിനെ കുറിച്ച് മൗലാനാ മർഗൂബുർറഹ്മാനും കൂട്ടർക്കും എന്തൊക്കെ അവകാശവാദങ്ങളുണ്ടായാലും ശരി, ഇന്റലിജൻസുകാരുടെ സിദ്ധാന്തപുസ്തകങ്ങളിലുള്ളത് ആഗോള ജിഹാദിന്റെ ഇന്ത്യൻ ആസ്ഥാന കേന്ദ്രമാണ് ഇതെന്നാണ്. ജയ്ശെ മുഹമ്മദിൻെറ ചിന്താധാരയുടെ പ്രഭവകേന്ദ്രവും ഇതാണത്രെ! ഭീകരതക്ക് ഒരു കേന്ദ്രവും ചിന്താധാരയും ഉണ്ടായിരിക്കണമെന്ന് അവർ ആദ്യമേ തന്നെ തീരുമാനിച്ചുവെച്ചിരുന്നു. കേന്ദ്രവും സിദ്ധാന്തവും ഉള്ളതുകൊണ്ട് ഭീകരത വളരുന്നു എന്ന പൊതുത്ത്വമായിരുന്നില്ല പക്ഷേ ദയൂബന്തിന്റെ കാര്യത്തിൽ സംഭവിച്ചത്. എഴുതിവെച്ച തോന്നിവാസങ്ങൾക്കൊപ്പിച്ച് ഒരു മതസ്ഥാപനത്തെയും അവരുടെ വിശ്വാസസംഹിതയെയും ആസൂത്രിതമായ ഭീകരവൽക്കരിക്കുകയാണുണ്ടായത്. അദ്വാനിയുടെ കാലത്ത് ഈ ആഭാസം അതിന്റെ പാരമ്യത്തിൽ അരങ്ങേറുമ്പോൾ നിസ്സഹായരായി നോക്കിയിരിക്കാനേ കഴിഞ്ഞുള്ളൂ ദയൂബന്തിലുള്ളവർക്ക്. ഈ ചെറു നഗരത്തിലെ ഏതോ ഫോട്ടോ സ്റ്റുഡിയോയിൽ കഴുകിക്കാൻ കൊടുത്തേൽപ്പിച്ച നെഗറ്റീവിൽ കശ്മീരിലെ തീവ്രവാദി പരിശീലനത്തിൻെറ 'ഞെട്ടിക്കുന്ന' ചിത്രങ്ങൾ കണ്ടെത്തിയ സംഭവം രണ്ടു വർഷം മുമ്പായിരുന്നു മാധ്യമങ്ങളിൽ നിറഞ്ഞത്. ദയൂബന്ത് സ്വദേശിയായ ഒരു സൈനികൻ ജോലിക്കിടയിൽ കാമറയിൽ പകർത്തിയതെന്ന് പറയപ്പെടുന്ന നെഗറ്റീവ് സ്റ്റുഡിയോയിൽ ഏൽപ്പിച്ചത്, ഹിന്ദുവായ അയാളുടെ സഹോദരിയായിരുന്നുവെന്നു വന്നതോടെ 'ദേശീയത'യുടെ ഞരമ്പുരോഗം തൽക്കാലത്തേക്ക് അവസാനിച്ചു. അതേസമയം സ്വാതന്ത്ര്യ സമരകാലത്തെ ജ്വലിക്കുന്ന ഓർമകളുള്ള ഈ സ്ഥാപനത്തിലേക്ക് 'ഭീകരരെ' തെരഞ്ഞ് പോലീസുകാർ പാഞ്ഞു കയറുന്നത് പതിവായി മാറിയിരുന്നു. 'ഇന്ത്യാ-നേപ്പാൾ അതിർത്തിയിലെ മദ്റസകളിൽ ഭീകരർ പെരുകുന്നുവെന്ന' സിദ്ധാന്തത്തിന്റെ സൂചിമുനകൾ എല്ലായ്പോഴും ദാറുൽ ഉലൂമിന്റെ നേർക്കായിരുന്നു തിരിച്ചുവെച്ചത്. ആർ.എസ്.എസ് വൽക്കരിക്കപ്പെട്ട ഇന്റലിജൻസ് സംവിധാനത്തിന്റെ തലപ്പത്തിരുന്ന് അന്നന്നത്തെ 'ഇരകളെ' തെരഞ്ഞ് ഏമാന്മാർ പുറപ്പെടുന്നതിൻെറ കഥകൾ തലക്കെട്ടിൽ വീശിയടിച്ച് മാധ്യമങ്ങൾ 'രാജ്യസ്നേഹം' തെളിയിച്ചു കൊണ്ടുമിരുന്നു.

ദയൂബന്തിനോട് മാധ്യമങ്ങളും പോലീസ് സംവിധാനവും ചേർന്ന് കാണിച്ചുവന്ന ഈ അനീതിയോട് ഒടുവിലെങ്കിലും സ്ഥാപനം പ്രതികരിച്ചുവെന്നാണ് ഫെബ്രുവരി അവസാനവാരം നടന്ന ഭീകര വിരുദ്ധ സെമിനാർ തെളിയിക്കുന്നത്. ഇസ്ലാം ഭീകരതക്കെതിരാണെന്ന വെറും പറച്ചിലിൽ ഒതുങ്ങുന്നതായിരുന്നില്ല ഇത്. ഇന്ത്യയിൽ ഇസ്ലാമിനും മുസ്ലിംകൾക്കും നേരെ ഭീകരതയുടെ ആരോപണം ഉയരുന്നതിനു പിന്നിലുള്ള സാഹചര്യം എന്താണെന്നു ദയൂബന്ത് ചൂണ്ടിക്കാട്ടി. രണ്ട് ദിവസം നീണ്ട സെമിനാറിൽ ഭീകരതയുമായി ബന്ധപ്പെട്ട മിക്ക വിഷയങ്ങളും ചർച്ചക്കുവന്നു. സിയോണിസവും സാമ്രാജ്യത്വവും ഇന്ത്യൻ രാഷ്ട്രീയത്തിൽ അടുത്ത കാലത്ത് നേടിയെടുത്ത സ്വാധീനമാണ് പ്രധാനമായും ചർച്ചയായത്. പക്ഷേ 'ഇസ്ലാമിന്റെ ശത്രുക്കളുടെ ഗൂഢാലോചന' എന്ന വിലയിരുത്തലിൽ അവസാനിച്ച ഈ പ്രബന്ധങ്ങൾക്ക് സ്വാഭാവികമായും ദേശീയ മാധ്യമ ശ്രദ്ധ ആകർഷിക്കാനായില്ല. ഇസ്രയേലിനെ കുറിച്ചും അമേരിക്കയെ കുറിച്ചുമുള്ള അത്തരം പരാമർശങ്ങൾ മാധ്യമങ്ങൾ വിഴുങ്ങി. 'ഇസ്ലാം ഭീകരതക്കെതിരാണ്' എന്ന പൊതുപല്ലവിയെ മാത്രമാണ് അവർ പൊലിപ്പിച്ചു കാട്ടിയത്. അതുപോലും ഇപ്പോഴത്തെ അവസ്ഥയിൽ ദയൂബന്തിന് ലഭിച്ച ബോണസ്സായിരുന്നു.

ഭീകരതയുമായി ബന്ധപ്പെടുന്ന എല്ലാ സാഹചര്യങ്ങളെയും തങ്ങൾ അടച്ച് നിരാകരിക്കുന്നുവെന്നാണ് ദയൂബന്ത് റെക്ടർ മൗലാനാ മർഗൂബുർറഹ്മാൻ ഉദ്ഘാടന പ്രസംഗത്തിൽ ചൂണ്ടിക്കാട്ടിയത്. 'ഭീകരത പ്രവർത്തിക്കുന്നവൻ ആരായാലും അവന്റെ സാഹചര്യം എന്തായിരുന്നാലും അംഗീകരിക്കാനാവില്ല. മുസ്ലിം സമുദായത്തിന്റെ പൊതു നിലപാടുകളിലും ചില മാറ്റങ്ങൾ ആവശ്യമുണ്ട്. ഒരു പ്രദേശത്തെ അന്യമതസ്ഥരെയും സർക്കാർ ഉദ്യോഗസ്ഥരെയും ശത്രുക്കളായി കണ്ട് അകറ്റിനിർത്തുന്നപതിവ് അവസാനിപ്പിക്കണം. എല്ലാവരുമായി നല്ലനിലയിൽ സഹകരിച്ചു നീങ്ങാനും സ്നേഹത്തോടെ വർത്തിക്കാനും ശ്രദ്ധിക്കണം,' മൗലാനാ ചൂണ്ടിക്കാട്ടി. ഭീകരതക്കെതിരെയുള്ള കേന്ദ്രസർക്കാറിന്റെ നടപടികൾ ആത്മാർഥതയോടെയാണെങ്കിൽ എല്ലാ മതവിഭാഗങ്ങളോടും ഇക്കാര്യത്തിൽ ഒരേ നിലപാടായിരിക്കണം സ്വീകരിക്കേണ്ടത്. ഏതെങ്കിലും വ്യക്തിയെ അയാളുടെ മതത്തിന്റെ അടിസ്ഥാനത്തിൽ അകാരണമായി സംശയിക്കുകയും വേട്ടയാടുകയും ചെയ്യുന്ന പതിവ് അവസാനിപ്പിക്കണം. ഇന്ത്യൻ മുസ്ലിംകൾ എന്തുകൊണ്ട് ഭീകര പ്രവർത്തനത്തിൽ ഏർപ്പെടണമെന്ന ന്യായമായ ചോദ്യത്തിന് ഉത്തരം ലഭിക്കുന്നില്ല. മുസ്ലിംകൾക്ക് ഗുണത്തെക്കാളേറെ ദോഷമാണ് ഈ നീക്കങ്ങളിലൂടെ ഉണ്ടാകുന്നതെന്ന് മൗലാനാ ചൂണ്ടിക്കാട്ടി.

150 വർഷം പഴക്കമുള്ള ഈ മതപാഠശാല ഈജിപ്തിലെ അൽഅസ്ഹർ കഴിഞ്ഞാൽ ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെതാണ്. ഭീകരതയുടെ കാര്യത്തിൽ ദയൂബന്ത് നിലപാടെടുത്തപ്പോൾ അതിന് അസാധാരണമായ വാർത്താ പ്രാധാന്യം ലഭിച്ചതിന്റെ കാരണവും ഇതാണ്. പക്ഷേ, ഇസ്ലാമിനെ ഭീകരതയുമായി ബന്ധപ്പെടുത്തുന്ന മിക്ക ഭീകര സംഘടനകളുടെയും ചിന്താധാരകൾക്ക് ദയൂബന്തുമായി അടുപ്പമുണ്ടെന്ന ആരോപണം ഉയരുമ്പോൾ വർഷങ്ങളായി ഈ സ്ഥാപനം മൗനം പാലിക്കുകയാണ് ചെയ്തുവന്നത്. വൈകിയെങ്കിലും ദയൂബന്തിലുള്ളവർക്ക് വിവേകമുദിച്ചു. ചില കാര്യങ്ങളിൽ അവർക്ക് ഇപ്പോഴുമുണ്ട് വൈക്ലബ്യം. പാകിസ്താൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജംഇയ്യത്തുൽ ഉലമായെ ഇസ്ലാം സമീഉല്ല ഗ്രൂപ്പ് ഇപ്പോഴും താലിബാൻ സംഘങ്ങളെ 'ദീൻ' പഠിപ്പിക്കുന്ന പ്രവൃത്തി തുടരുന്നുണ്ട്. ദാറുൽ ഉലൂമിൽ അഭ്യസിപ്പിക്കുന്ന ഇസ്ലാം തന്നെയാണോ അവരുടേതെന്ന് ദയൂബന്തിന് വ്യക്തമാക്കാമായിരുന്നു. സംഭവങ്ങളെയും സംഘടനകളെയും പേരെടുത്തു പറഞ്ഞുകൊണ്ടുതന്നെ വിമർശിക്കണമായിരുന്നു. ലശ്കറെ തൊയ്ബ, ജയ്ശെ മുഹമ്മദ്, താലിബാൻ, അൽഖാഇദ എല്ലാവരെയും പേരെടുത്തു പറഞ്ഞുതന്നെ വിമർശിക്കാമായിരുന്നു. താൽപര്യക്കാർ നുഴഞ്ഞു കയറിക്കഴിഞ്ഞ ഈ സംഘടനകളെ ഇന്ത്യൻ കാഴ്ചപ്പാടിലൂടെ മുസ്ലിംകൾ എങ്ങനെ വിലയിരുത്തുന്നു എന്നതു കാലഘട്ടത്തെ സംബന്ധിച്ചേടത്തോളം സുപ്രധാനമാണ്.

ദയൂബന്ത് അടക്കമുള്ള മുസ്ലിം കൂട്ടായ്മകൾക്ക് യാഥാർഥ്യബോധം കൈവരുന്നതിന്റെ തുടക്കമായി ഈ സെമിനാർ മാറുമെന്നാണ് ഇന്ത്യൻ മുസ്ലിം സമൂഹത്തിന്റെ പ്രതികരണം വ്യക്തമാക്കുന്നത്. അതേ അവബോധം പൊതുസമൂഹത്തിനും ഉണ്ടാവട്ടെയെന്ന് പ്രത്യാശിക്കുക. പക്ഷേ സുരക്ഷാ പരിശീലനത്തിന് ഇസ്രയേലിലേക്കു പോകുന്ന 'ഇന്റലിജൻസുകാരൻ' ഈ യാഥാർഥ്യത്തെ എങ്ങനെ സമീപിക്കുമെന്നിടത്താണ് 'ഇന്ത്യൻ ഭീകരത'യുടെ മർമം നിലകൊള്ളുന്നത്. ■